**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3400** **04-08-2021 - ൽ മറുപടിയ്ക്ക്**

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണവകുപ്പിന് കീഴിലുള്ള മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ തെരഞ്ഞെടുക്കുന്നതിന് ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്(ഡി.എച്ച്.ഐ.സി.) യോഗ്യതയുള്ളവരെ അംഗീകരിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഡി.എച്ച്.ഐ.സി. യോഗ്യത അംഗീകരിക്കാതിരിക്കുന്നതിന് എന്തെങ്കിലും കാരണമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ സ്പെഷ്യൽ റൂൾ പ്രകാരമുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് (ഡി.എച്ച്.ഐ.സി) യോഗ്യതയായി ഉൾപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതയായി ഡി.എച്ച്.ഐ.സി. യെക്കൂടി അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വെളിപ്പെടുത്താമോ? | (സി) | തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയി ട്ടുണ്ട്. സ്പെഷ്യൽ റൂൾ അന്തിമമാകുന്ന മുറയ്ക്ക് മേൽ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ